# അപൂർവയിനം ചിലന്തികളെ കണ്ടെത്തി

Published on 24 August, 2013



കൊച്ചി: കൊടുംകാടുകളിൽ അപൂർവമായി കാണപ്പെടുന്ന രണ്ടിനം ചിലന്തികളെ ചിമ്മിനി വന്യജീവി സങ്കേതത്തിൽ നിന്നും കണ്ടെത്തി. തേവര സേക്രഡ് ഹാർട്ട് കോളേജിലെ ചിലന്തി ഗവേഷക സംഘമാണ് ഇവയെ കണ്ടെത്തിയത്.

അരാനിഡെ വിഭാഗത്തിൽപ്പെട്ട 'ക്രൈസില്ല', 'അനെപ്സിയോൺ' ചിലന്തികളെയാണ് കണ്ടെത്തിയത്. ക്രൈസില്ല ലോട്ട, അനെപ്സിയോൺ മാരിറ്റേറ്റം എന്നിവയാണ് ഇവയുടെ ശാസ്ത്രീയ നാമം. 3 മുതൽ 4 മില്ലിമീറ്റർ മാത്രം വലിപ്പമുള്ളവയാണ് ക്രൈസില്ല വിഭാഗത്തിൽപ്പെട്ട ചിലന്തികൾ. 5 മുതൽ 7 മില്ലിമീറ്റർ വരെ വലിപ്പം വെയ്ക്കുന്നവയാണ് 'അനെപ്സിയോൺ'.

ചാട്ടക്കാരൻ ചിലന്തികളുടെ ഇനത്തിൽപ്പെടുന്ന ഇവയെ ആദ്യമായാണ് ഇന്ത്യൻ കാടുകളിൽ കാണുന്നതെന്ന് ഗവേഷക സംഘം അറിയിച്ചു. ചിലന്തി ഗവേഷകൻ ഡോ.പി.എ. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ഡോ.എം.ജെ. മാത്യു, ഗവേഷക വിദ്യാർത്ഥികളായ ജോബി മലമേൽ, പ്രദീപ് എം.എസ്, സാം തോമസ്, സുനീഷ്, എലിസബത്ത് മാത്യു എന്നിവരടങ്ങുന്ന സംഘമാണ് ചിലന്തികളെ കണ്ടെത്തിയത്.